പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3382 | 14.03.2018 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃകാ അംഗൻവാടി പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ബി.ഡി.ദേവസ്സി** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ)സംസ്ഥാനത്ത് കൂടുതൽ അംഗൻവാടികളെ മാതൃകാ അംഗൻവാടി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനും പദ്ധതി കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) നിലവിൽ ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് വീതം സംസ്ഥാനത്ത് 140 മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. കൂടുതൽ അംഗൻവാടികളെ മാതൃകാ അംഗൻവാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിശോധിച്ച് വരുന്നു. |
| (ബി) കൊടകര, ചാലക്കുടി ബ്ലോക്കുകൾ ഉൾപ്പെടുന്ന ചാലക്കുടി മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം ഏതെല്ലാം അംഗൻവാടികളുടെ നവീകരണത്തിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; | (ബി) ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃകാ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്ന പദ്ധതി പ്രകാരം ചാലക്കുടി നിയോജക മണ്ഡലത്തിലെ കൊടകര പഞ്ചായത്തിലെ 4-ാം നമ്പർ അംഗൻവാടിയ്ക്ക് മാതൃകാ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുകയും ആയത് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത മണ്ഡലത്തിലെ കൂടുതൽ അംഗൻവാടികൾ മാതൃകാ അംഗൻവാടി പദ്ധതി പ്രകാരം നവീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി 10 സെന്റ് ഭൂമി ലഭ്യമാകാത്ത നിയോജക മണ്ഡലത്തിനുള്ള ഫണ്ട് മറ്റ് നിയോജക മണ്ഡലങ്ങളിൽ ഒന്നിൽ കൂടുതൽ മാതൃകാ അംഗൻവാടിയ്ക്ക് 10 സെന്റ് സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും ബന്ധപ്പെട്ട എം.എൽ.എയുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ അനുമതി നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ